

# മലയാള ഭാഷാസൂത്രണം:

## സമകാലിക ഭാഷാസാഹചര്യങ്ങളിൽ

എഡിറ്റർ: ഡോ. സ്മിത കെ. നായർ

**മലയാളഭാഷാസൂത്രണം :**
**സമകാലികഭാഷാസാഹചര്യങ്ങളിൽ**

•

എഡിറ്റർ
**ഡോ. സ്മിത കെ. നായർ**

•

പ്രസിദ്ധീകരണം : ഭാഷാശാസ്ത്രസ്കൂൾ
© തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല,
അക്ഷരം കാമ്പസ്, വാക്കാട് പി.ഒ, തിരൂർ,
മലപ്പുറം, കേരള - 676 502.
വില: ₹ 400

പ്രസിദ്ധീകരിച്ച വർഷം : ഒക്ടോബർ 2022
അച്ചടി : കാലിക്കറ്റ് യൂണിവേഴ്സിറ്റി
സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ
കവർ ഡിസൈൻ : ലിജീഷ് എം.ടി.
രൂപകല്പന : ബിയോണ്ട് പബ്ലിഷേഴ്സ്,
തിരുവനന്തപുരം-35

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
ഇ-മെയിൽ :
publication@temu.ac.in
ISBN 978-93-91808-18-1

**Malayala Bhashasoothranam :**
**Samakalika Bhasha saahacharyangalil**

•

Editor
**Dr. Smitha K. Nair**

•

Published by: Bhashasastraschool
© Thunchath Ezhuthachan
Malayalam University, Aksharam Campus,
Vakkad P.O., Tirur, Malappuram Dist.,
Kerala - 676 502.
Price: ₹ 400

First published: October 2022
Printed at : The Calicut University
Central Co-operative Stores Ltd.
Cover designed by: Lijeesh M. T.
Layout : Beyond Publishers,
Law College Jn. Thiruvananthapuram -35

Thunchath Ezhuthachan
Malayalam University
e-mail :
publication@temu.ac.in
ISBN 978-93-91808-18-1

No part of this book shall be reproduced in print or any other form of transmission without the written permission of the publisher, except for those purposes allowed by copyright law

# 4

# ഭാഷാസൂത്രണം: അടിസ്ഥാനസങ്കല്പനങ്ങൾ

ഡോ. സെയ്തലവി. സി

യൂറിയൽ വെൻറിക് 1957 ൽ കൊളംബിയ സർവകലാശാലയിൽ നടത്തിയ സെമിനാറിനുള്ള ശീർഷകമായാണ് ഭാഷാശാസ്ത്രമേഖലയിൽ 'ഭാഷാസൂത്രണം' എന്ന പദം ആദ്യമായി ഉപയോഗിച്ചത്. എന്നാൽ ഭാഷാഗതി നിർണയിക്കുന്നതിൽ ഭാഷണസമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും പങ്ക് വിശകലനം ചെയ്യുന്നതിനുള്ള ഒരു ഏകകം എന്ന നിലയിൽ ഭാഷാസൂത്രണത്തെ ഒരു സാങ്കേതികസംജ്ഞയായി ഉയർത്തിയത് ഹൌഗനാണ്. (റൂബിൻ: 1971). ഒരേ ഭാഷയുടെയോ ദേശത്തിന്റെയോ കുടക്കീഴിൽ അണിനിരക്കുമ്പോൾ തന്നെ ഭാഷണത്തിലും എഴുത്തിലും നിരവധി വൈജാത്യങ്ങൾ പ്രകടിപ്പിക്കുന്ന ഭാഷകർക്കിടയിൽ ലിപി, പദകോശം, വ്യാകരണം എന്നിവ വ്യവസ്ഥപ്പെടുത്താനുള്ള ശ്രമങ്ങൾ മാത്രമായാണ് ഭാഷാസൂത്രണത്തെ ആദ്യകാലത്ത് കണ്ടുപോന്നത്. പരിമിതാർഥത്തിലുള്ള ഇത്തരം ഭാഷാസൂത്രണശ്രമങ്ങൾക്ക് നൂറ്റാണ്ടുകൾ പഴക്കമുണ്ട്. ഭാഷോപയോഗമണ്ഡലങ്ങളിലെ മാനകീകരണശ്രമങ്ങൾക്കുമപ്പുറം വിപുലമായ സാമൂഹികമണ്ഡലങ്ങളിൽ ഭാഷാസൂത്രണം സൃഷ്ടിക്കുന്ന സ്വാധീനവും പ്രത്യാഘാതവും ഭാഷാശാസ്ത്രകാഴ്ചപ്പാടോടെ പര്യാലോചനയ്ക്ക് വിധേയമാക്കാൻ തുടങ്ങിയത് അമ്പതുകൾക്ക് ശേഷമാണെന്ന് കാണാം.

## ഭാഷാസൂത്രണവും ചരിത്രവും

ഭാഷാസൂത്രണചിന്തകൾ വികസിക്കുന്നതിൽ ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപകുതിയിലെ ചരിത്രഗതിയും സാമൂഹികചലനങ്ങളും മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. രണ്ടാം ലോകയുദ്ധാനന്തരമുണ്ടായ സാമൂഹികക്രമങ്ങളും അധികാരചലനങ്ങളുമാണ് അവയിൽ പ്രധാനം. കോളനീകരണത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും അസ്തമയത്തോടെ ഉയർന്നുവന്ന ദേശരാഷ്ട്രങ്ങൾ ആഗോളഭാഷാപരിസ്ഥിതിയിൽ കാര്യമായ വ്യതിയാനങ്ങൾ സൃഷ്ടിച്ചു. നവരാഷ്ട്രസ്വത്വത്തിൽ തദ്ദേശീയഭാഷകളുടെ ശാക്തീകരണത്തിന് പലയിടങ്ങളിലും മുന്തിയപരിഗണന ലഭിച്ചെങ്കിലും സാമ്രാജ്യശക്തികൾ ഇട്ടേച്ചുപോയ

വൈദേശിക ഭാഷകൾ അവഗണിക്കാനാകാത്തവിധം ഭരണമേഖലയിൽ മാത്രമല്ല പ്രജകളുടെ ചിന്താമണ്ഡലങ്ങളിൽ പോലും ആഴത്തിലുള്ള സ്വാധീനം ചെലുത്തിയിരുന്നു. ചുരുക്കത്തിൽ കോളണിഭാഷകളും തദ്ദേശീയഭാഷകളും ഇടകലർന്ന ലോകത്തിലെ സിംഹഭാഗം പ്രദേശങ്ങളിലെയും ബഹുഭാഷാചുറ്റുപാടാണ് പിൽക്കാലത്ത് ഭാഷാസൂത്രണചിന്തകളുടെ ഗതി നിർണയിച്ചത്.

അധികാരം, ഭാഷാമനോഭാവം, നവഭാഷാപരിസ്ഥിതി തുടങ്ങിയ സാമൂഹികഘടകങ്ങൾ പരിഗണിക്കേണ്ടിവന്നപ്പോൾ ഭാഷാവിഭവസംവിധാനത്തിലും മാനകീകരണത്തിലും ഒതുങ്ങിയിരുന്ന ഭാഷാസൂത്രണപഠനങ്ങൾ സമൂഹശാസ്ത്രത്തിന്റെയും രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെയുമൊക്കെ മേഖലകളിലേയ്ക്കു കൂടി വികസിച്ചു. 'ഭാഷയുടെ സമൂഹശാസ്ത്രം' (Sociology of Language) എന്ന വിജ്ഞാനമേഖലയുടെ വളർച്ച ഭാഷാസൂത്രണചിന്തകളുടെയും പ്രവർത്തനങ്ങളുടെയും വളർച്ചയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ലോകമെമ്പാടുമുള്ള രാജ്യങ്ങളിലെയും സമൂഹങ്ങളിലെയും ഭാഷാസാഹചര്യം സൂക്ഷ്മമായി വിശകലനവിധേയമാക്കുവാനുള്ള ശ്രമത്തിന്റെ കൂടി ഭാഗമായാണ് ഒരു വിജ്ഞാനധാരയെന്ന നിലയിൽ ഭാഷയുടെ സാമൂഹ്യശാസ്ത്രം ഉടലെടുക്കുന്നതും വികസിക്കുന്നതും.

## ഭാഷാസൂത്രണപഠനത്തിന്റെ ആവിർഭാവം

ഒരു വിജ്ഞാനമേഖല എന്ന നിലയിൽ ഭാഷാസൂത്രണപഠനത്തിന്റെ ആവിർഭാവത്തിന് ചരിത്രപരവും സാമൂഹികവുമായ ചില കാരണങ്ങളുണ്ട്. ആഗോളതലത്തിലെ ഭാഷാ ആവാസവ്യവസ്ഥകൾ, ദേശീയ ഭാഷാനയങ്ങൾ, ഭാഷാമനോഭാവങ്ങൾ എന്നിവയോടുള്ള അക്കാദമിക താൽപര്യം ഒന്നും രണ്ടും ലോകയുദ്ധങ്ങൾക്കുശേഷം സംഭവിച്ച സാമൂഹിക-രാഷ്ട്രീയ ചലനങ്ങളെക്കുറിച്ചുള്ള പഠനങ്ങളുടെ ഭാഗമായി വികസിച്ചതാണ്.ലോകയുദ്ധാനന്തരചരിത്രഗതിയിൽ നാലുകാര്യങ്ങൾ നിർണായകമായിരുന്നു.

1. കൊളോണിയൽ-സാമ്രാജ്യത്വയുഗത്തിന്റെ അവസാനവും സ്വതന്ത്ര-ദേശരാഷ്ട്രങ്ങളുടെ ആവിർഭാവവും
2. കൊളോണിയൽ രാജ്യങ്ങളുടെ ബഹുഭാഷാപാരമ്പര്യം
3. പൊതുവിനിമയത്തിനുള്ള ഭാഷകളെന്ന നിലയിൽ മേൽക്കൈ നേടിയ ഇംഗ്ലീഷ്, ഫ്രഞ്ച് തുടങ്ങിയ കൊളോണിയൽ ഭാഷകളുടെ കുത്തകയ്ക്കും അധികാരപ്രയോഗത്തിനും ഒരു തദ്ദേശീയബദൽ വികസിപ്പിക്കുന്നതിനുള്ള ശ്രമത്തിന്റെ ഫലമായി ലോകമെമ്പാടും ഉടലെടുത്ത ഭാഷാദേശീയത.
4. കോളനീകരണാനന്തരചരിത്രം രൂപപ്പെടുത്തുകയും മാറ്റിവരയ്ക്കുകയും ചെയ്ത നവീനഭാഷാഭൂപടം.

ചരിത്രത്തിലെ പുതുചലനങ്ങൾക്കനുസരിച്ച് രൂപപ്പെട്ട ഈ നവലോകഭാഷാഭൂപടം നിരവധി വൈജാത്യങ്ങൾ നിറഞ്ഞതായിരുന്നു. മാറിമറിഞ്ഞ സാമൂഹികപ്രക്രിയകൾക്കനുസരിച്ച് ഒരോ ഭൂഖണ്ഡത്തിലും ഉരുത്തിരിഞ്ഞ ഭാഷാസമവാക്യങ്ങളിൽ വൈരുദ്ധ്യം ദർശിക്കാനാകും. നിരന്തരയുദ്ധങ്ങളിലൂടെ ക്ഷീണിതരായ അമേരിക്കയുൾപ്പെടെയുള്ള പടിഞ്ഞാറൻ രാജ്യങ്ങൾ വൻതോതിലുള്ള പുനർനിർമാണ-വികസന പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനാവശ്യമായ മനുഷ്യവിഭവത്തിനായി മറ്റ് രാജ്യങ്ങളിൽ നിന്ന് പരിധിനിശ്ചയിക്കാതെയുള്ള കുടിയേറ്റം പ്രോത്സാഹിപ്പിച്ചു. ബഹുഭാഷാമുദ്രകൾ പ്രധാനമായ ജനസാകല്യമായിരുന്നു ഇതിന്റെ മുഖ്യഫലം. താത്വികതലത്തിലെങ്കിലും ഭാഷാബഹുത്വത്തിനുനേരെ കണ്ണടയ്ക്കാതെയുള്ള ഭാഷാസൂത്രണനയങ്ങൾ രൂപീകരിക്കാൻ ഇത്തരം രാഷ്ട്രങ്ങൾ നിർബന്ധിതരായി.

മറുവശത്ത് ശീതയുദ്ധവും സോവിയറ്റ് റഷ്യയുടെയും ഈസ്റ്റ് ബ്ലോക്കിന്റെയും ഏകീകരണവും മൂലം സോവിയറ്റ് യൂണിയനിൽ റഷ്യൻഭാഷയ്ക്ക് കേന്ദ്രസ്ഥാനം ലഭിച്ചു. അതുവഴി ആ മേഖലയിലെ ഇതരഭാഷകൾക്കുമേൽ റഷ്യൻ ഭാഷ പരോക്ഷമായി മേൽക്കൈ നേടി. ഭാഷാബഹുത്വത്തോട് പുറം തിരിഞ്ഞു നിൽക്കുന്ന നയമാണ് അക്കാലത്ത് സോവിയറ്റ് യൂനിയൻ കൈകൊണ്ടതെന്ന് റുബിൻ (1971) സാക്ഷ്യപ്പെടുത്തുന്നു. മൂന്നാംലോകരാജ്യങ്ങളിലെ പുതുതായി സ്വതന്ത്രമായ പല രാഷ്ട്രങ്ങളിലും ഭാഷാദേശീയത ശക്തമാകുകയും കൊളോണിയൽ ഭാഷകളെ നിഷ്കാസനം ചെയ്യാനും തൽസ്ഥാനത്ത് ദേശീയ ഭാഷകളെ അവരോധിക്കാനും ലക്ഷ്യമിട്ടുള്ള സാമ്രാജ്യത്വവിരുദ്ധ ഭാഷാനിലപാടുകൾ ശക്തമാകുകയും ചെയ്തു. എന്നാൽ പ്രയോഗതലത്തിൽ ഇതത്ര എളുപ്പമായിരുന്നില്ല. സങ്കീർണമായ ബഹുഭാഷാചുറ്റുപാടുള്ള ഇന്ത്യയെപ്പോലുള്ള രാഷ്ട്രങ്ങൾക്ക് തദ്ദേശീയഭാഷകളെ പ്രത്യേകം പരിഗണിച്ചും കൊളോണിയൽ ഭാഷയായ ഇംഗ്ലീഷിനെ അവഗണിക്കാതെയുമുള്ള ഭാഷാനയം കൈകൊള്ളേണ്ടി വന്നു. വികസിത-വികസ്വരരാഷ്ട്രങ്ങൾക്ക് ബഹുവംശീയത, ബഹുഭാഷ, ഭാഷാ നവീകരണം, തുടങ്ങിയ പ്രശ്നങ്ങൾ നേരിടേണ്ടിവന്നു. ദേശീയരാഷ്ട്രീയത്തിൽ ഭാഷാപ്രശ്നങ്ങൾ എത്രത്തോളം തീവ്രമായിരുന്നുവെന്ന് ഭാഷയുമായി ബന്ധപ്പെട്ട ഇന്ത്യൻ ഭരണഘടനാ അസംബ്ലിയിലെ സംവാദങ്ങൾ വ്യക്തമാക്കുന്നു.

ഇന്ന് ദ്വിഭാഷാ-ബഹുഭാഷാചുറ്റുപാടുകൾ ലോകമൊട്ടുക്കും മുൻഗണനാവിഷയമായി മാറിക്കൊണ്ടിരുന്നു. അവ ഭാഷാശാസ്ത്രജ്ഞരുടെ മാത്രമല്ല സാമൂഹികശാസ്ത്രജ്ഞരുടെയും ശ്രദ്ധ നേടുകയും ഭാഷാസൂത്രണപ്രശ്നങ്ങളുടെ സർവതലങ്ങളും സൂക്ഷ്മമായി പഠിക്കൽ അക്കാദമികവും രാഷ്ട്രീയവുമായ ആവശ്യകതയായി മാറുകയും ചെയ്തിരിക്കുന്നു.

## ദേശ-രാഷ്ട്രഗണമാതൃകാസംവാദം

വിവിധ രാഷ്ട്രങ്ങളുടെ ഭാഷാപരിസ്ഥിതിയെ ആസ്പദമാക്കി ഫിഷ്മാൻ അവതരിപ്പിച്ച ഗണമാതൃക (nation-states typology) ഭാഷാസൂത്രണവുമായി

ബന്ധപ്പെട്ട ആദ്യകാലചർച്ചകൾക്കുള്ള അടിത്തറയായിമാറി. ഭാഷാസ്വഭാ വവർഗീകരണത്തിന് അദ്ദേഹം ദേശ-രാഷ്ട്രങ്ങളെ മൂന്നായി തരം തിരിച്ചു.

ടൈപ്പ്-എ രാഷ്ട്രങ്ങൾക്ക് ഏതെങ്കിലും ഒരു ഭാഷയിലൂന്നിയുള്ള ബൃഹ ദ്പാരമ്പര്യം (great tradition) അവകാശപ്പെടാനുണ്ടാവില്ല. അത്തരം രാജ്യ ങ്ങളിൽ തദ്ദേശീയ ഭാഷകൾ സർവവ്യവഹാരങ്ങളിലും പടർന്ന് കയറാവുന്ന വിധത്തിൽ വികസിച്ചിട്ടുമുണ്ടാവില്ല. അതുകൊണ്ട് ഈ രാജ്യങ്ങൾ സാ ധാരണയായി ബന്ധഭാഷയെന്ന നിലയിൽ എല്ലാ ആവശ്യങ്ങൾക്കും മുൻ കൊളോണിയൽ ഭാഷതന്നെ സ്വീകരിക്കുന്നു. ഭാഷാസംഘർഷങ്ങൾക്ക് വഴിവെക്കാത്ത ഈ സ്വീകരണം വികസനത്തിന് അനുയോജ്യമാകും വിധം അന്താരാഷ്ട്രബന്ധങ്ങളുടെ തുടർച്ച നിലനിർത്താൻ സഹായിക്കുന്നതായി ഫിഷ്മാൻ ചൂണ്ടിക്കാട്ടുന്നു. ഭാഷയെ രാഷ്ട്രീയേകീകരണത്തിനും സാമ്പത്തി കോന്നമനത്തിനുമുള്ള മുഖ്യ ഏകകമായിക്കാണുന്ന ഈ ഗണത്തിൽപ്പെട്ട ഭാഷകൾക്ക് ഉദാഹരണങ്ങളാണ് കാമറൂൺ, ഘാന, ഗാംബിയ തുടങ്ങിയവ.

ടൈപ്പ് ബി രാജ്യങ്ങളിലുൾപ്പെടുന്ന തായ്‌ലൻഡ്, സൊമാലിയ, എത്യോപ്യ തുടങ്ങിയവയ്ക്ക് ശക്തമായ ഭാഷാപാരമ്പര്യമുണ്ട്. ഒരൊറ്റ തദ്ദേ ശീയഭാഷയെ ദേശീയഭാഷയായി അവരോധിക്കുന്നതിന് ഈ രാഷ്ട്രങ്ങ ളിലെ ജനത പ്രതിജ്ഞാബദ്ധമായിരിക്കും. ടാൻസാനിയയിൽ ഭരണം, സാമൂഹ്യജീവിതം, വിദ്യാഭ്യാസം, വിജ്ഞാനോൽപാദനം തുടങ്ങിയ സമസ്ത മേഖലകളിലും ഇംഗ്ലീഷിനെ മാറ്റിസ്ഥാപിക്കാൻ സ്വാഹിലിക്ക് കഴിഞ്ഞത് ഇതിന് ഉത്തമോദാഹരണമാണ്. ആധുനികജീവിതത്തിന്റെ സങ്കീർണ്ണത കൾക്കനുസരിച്ച് ദേശിയഭാഷയെ അനുദിനം പുഷ്ടിപ്പെടുത്താനുള്ള നിരന്ത രമായ ശ്രമങ്ങൾ ഇത്തരം രാഷ്ട്രങ്ങളുടെ പ്രത്യേകതയാണ്.

ടൈപ്പ് 'സി' രാജ്യങ്ങളുടെ ഭാഷാപ്രശ്നങ്ങൾ താരതമ്യേന സങ്കീർ ണ്ണമാണ്. ഇന്ത്യ ഈ വിഭാഗത്തിൽ പെടുന്നു. ഫിഷ്മാന്റെ (1971: 45) കാ ഴ്ചപ്പാടിൽ പരസ്പരം മത്സരിക്കുന്നതും ബൃഹദ് പാരമ്പര്യമവകാശപ്പെടുന്നതു മായ ഒന്നിലേറെ ഭാഷകൾ ടൈപ്പ് സി രാജ്യങ്ങളുടെ സവിശേഷതയാണ്. ദേശീയവും പ്രാദേശികവുമായ ഇരട്ടഭാഷാസ്വത്വം ഉൾക്കൊള്ളുന്ന അത്തരം രാജ്യങ്ങളിൽ പ്രാദേശികഭാഷയെ ബാധിക്കാത്ത വിധമുള്ള ഭാഷാനയ ങ്ങളേ സ്വീകാര്യമാകൂ. ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ വൈവിധ്യവും ബൃഹദ്പാരമ്പര്യം ഉൾക്കൊള്ളുന്നതുമായ ഭാഷകളുടെ ബാഹുല്യം ഔദ്യോ ഗികഭാഷാതെരഞ്ഞെടുപ്പ് സങ്കീർണ്ണമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പ്രാദേശി കഭാഷകൾ ഓരോന്നോരോന്നായി തങ്ങളെയും ഔദ്യോഗികഭാഷകളായി അംഗികരിക്കണമെന്ന ആവശ്യമുന്നയിക്കുന്നത് ഭാഷാവൈകാരികത കൊണ്ട് മാത്രമല്ല, ഭാഷാസമ്പന്നതകൊണ്ടുകൂടിയാണെന്ന് കാണാനാകും.

ഫിഷ്മാൻ തുടങ്ങി വെച്ച രാഷ്ട്രഗണമാതൃകാസംവാദം ഭാഷാസൂത്രണ വുമായും ഭാഷാനയവുമായും ബന്ധപ്പെട്ട ഗവേണങ്ങൾക്ക് ഏറെക്കാലം അടി

ത്തറയായി വർത്തിച്ചു. ഒരു വശത്ത് ദേശീയതയും ഉപദേശീയതയും ശക്തി പ്രാപിക്കുകയും മറുവശത്ത് ആഗോളവൽക്കരണപ്രവണതകൾ പലരംഗത്തും ദേശീയ അതിർവരമ്പുകൾ മായ്ക്കുകയും ആഗോളതലത്തിൽ തന്നെ രാഷ്ട്രീയവും സാമ്പത്തികവുമായ സമന്വയത്തിന് ഊന്നൽ നൽകുകയും ചെയ്യുന്ന പുതുലോകക്രമത്തിൽ രാഷ്ട്രഗണമാതൃകാസംവാദത്തിൽ നിന്ന് ഭാഷാസൂത്രണത്തെ സംബന്ധിച്ച സൈദ്ധാന്തികചർച്ചകൾ ഏറെ മുന്നോട്ട് പോയിട്ടുണ്ട്.

## ലംബേർട്ടിന്റെ വർഗ്ഗീകരണം

ദേശരാഷ്ട്രത്തെ ലംബേർട്ട് (1994) മൂന്ന് വിഭാഗമായി തരംതിരിക്കുന്നു. ഏകഭാഷികം (ഏകവംശീയം), ഡയാഡിക്/ട്രയാഡിക്, മൊസൈക് അല്ലെങ്കിൽ ബഹുവംശീയം. മുകളിൽ പറഞ്ഞിരിക്കുന്ന തരത്തിലുള്ള ദേശരാഷ്ട്രവിഭാഗങ്ങളുടെ സവിശേഷത പരിഗണിച്ചു വേണം ഭാഷാസൂത്രണ പ്രവർത്തനങ്ങൾ നടത്തേണ്ടതെന്ന് അദ്ദേഹം വാദിച്ചു. വംശീയതയുടെയും ഭാഷയുടെയും കാര്യത്തിൽ ഏകതാനമാണ് ആദ്യ വിഭാഗത്തിൽപ്പെട്ടവ. അവിടെ ചെറുഭാഷാന്യൂനപക്ഷവിഭാഗങ്ങൾ ഉണ്ടായേക്കാമെങ്കിലും ഭാഷാപരമായ സ്വാംശീകരണപ്രക്രിയയിൽ അവ പാർശ്വവൽക്കരിക്കപ്പെടുന്നതായി കാണാം. ജപ്പാനും ചൈനയും ഈ വിഭാഗത്തിൽ പെടുന്നു. അംഗസംഖ്യയിലും അധികാരത്തിലും തുല്യത പുലർത്തുന്ന ഒന്നിലധികം ഭാഷാസമൂഹങ്ങൾ ഉൾപ്പെട്ട രണ്ടാമത്തെ വിഭാഗത്തിൽ സ്വിറ്റ്സർലൻഡ്, ബെൽജിയം, കാനഡ പോലുള്ള രാജ്യങ്ങൾ ഉൾപ്പെടുന്നു. ഇന്ത്യയും നൈജീരിയയും പോലുള്ള മൊസൈക് രാജ്യങ്ങളുടെ ഗണം ഭാഷാപരവും വംശീയവുമായ സ്വത്വം നിലനിർത്തുന്ന ഭാഷണസമൂഹങ്ങളുടെ വൈവിധ്യം കൊണ്ട് ശ്രദ്ധേയമാണ്. ലോകത്തിലെ പകുതിയിലധികം രാജ്യങ്ങളിലും അഞ്ചോ അതിലധികമോ വംശീയ സമുദായങ്ങളുണ്ട് എന്ന സ്പോൾസ്കിയുടെ (2004) സാക്ഷ്യം ഇത്തരുണത്തിൽ പ്രസക്തമാണ്. ഓരോ രാഷ്ട്രത്തിലെയും സാമൂഹിക-രാഷ്ട്രീയ-ഭാഷാചുറ്റുപാടുകൾക്കനുസരിച്ച് വേണം ഭാഷാസൂത്രണത്തിന്റെ സൈദ്ധാന്തിക-പ്രയോഗതലങ്ങൾ നിർണയിക്കാനെന്ന് മേൽപ്പറഞ്ഞ ചർച്ചകൾ സൂചിപ്പിക്കുന്നു.

## ഹൗഗൻമാതൃക

ഹൗഗൻ 1960 ൽ അവതരിപ്പിച്ച ചതുർതലഭാഷാസൂത്രണമാതൃക പിൽക്കാലത്ത് ഈ രംഗത്തുണ്ടായ സൈദ്ധാന്തികചർച്ചകൾക്ക് അടിത്തറയേകി. ഭാഷാതെരഞ്ഞെടുപ്പ്, നിയമക്രമീകരണം, പ്രയോഗമേഖല വിപുലപ്പെടുത്തൽ, നടപ്പിലാക്കൽ എന്നിവയാണവ. വിദ്യാഭ്യാസമാധ്യമം ഉൾപ്പെടെയുള്ള മുഖ്യവ്യവഹാരമണ്ഡലങ്ങളിൽ ഏത് ഭാഷ വേണം എന്ന തെരഞ്ഞെടുപ്പ് പലപ്പോഴും രാഷ്ട്രീയ തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. മാനകീകരണമാണ് ഭാഷാനിയമങ്ങൾ ക്രമപ്പെടു

ത്തലിലൂടെ (codification) ലക്ഷ്യം വെക്കുന്നത്. ശാസ്ത്രം, നിയമം, വൈദ്യം തുടങ്ങിയ സവിശേഷമേഖലകളിലേക്ക് ഭാഷോപയോഗം വിപുലപ്പെടുത്ത ലാണ് പ്രയോഗമേഖലകളുടെ വ്യാപനത്തിലൂടെ ഉദ്ദേശിക്കുന്നത്. നിശ്ചിത നയങ്ങൾ സർക്കാർ - സർക്കാരിതര ഏജൻസികളിലൂടെ എപ്രകാരം നട പ്പാക്കാനാകുമെന്ന് ആസൂത്രണത്തിന്റെ നാലാം തലത്തിൽ ചിന്തിക്കുന്നു.

ഭാഷയെക്കുറിച്ചായാലും ഭാഷയ്ക്കുകത്തെ ഏതെങ്കിലും പദരൂപത്തെ ക്കുറിച്ചായാലും ആസൂത്രണതലത്തിൽ തീരുമാനമെടുക്കുന്നതിൽ സ്വീക രിക്കാവുന്ന മൂന്ന് മാനദണ്ഡങ്ങൾ Haugen (1966) ചൂണ്ടിക്കാണിച്ചിട്ടുള്ളത് പ്രസക്തമാണ്. കാര്യക്ഷമത, പര്യാപ്തി, സ്വീകാര്യത എന്നിവയാണ് പ്രസ്തുതമാനദണ്ഡങ്ങൾ.പ്രസക്തമായവ്യവഹാരമണ്ഡലത്തിലെപ്രയോഗസാ ധുതയും ഫലപ്രാപ്തിയുമാണ് കാര്യക്ഷമതയുടെ മാനദണ്ഡമായി സ്വീകരിക്കേ ണ്ടത്.സംക്ഷിപ്തരൂപത്തിൽവിപുലമായആശയസംവേദനംസാധ്യമാകുമോ എന്നതാണ് പര്യാപ്തിയുടെ അളവുകോൽ. ഭാഷയുടെ സ്വീകാര്യത സാമൂ ഹികശാസ്ത്രസംബന്ധിയാണ്. ജനതയുടെ ഭാഷയോടുള്ള മനോഭാവമാണ് ഇവിടെ പരിഗണനാവിഷയമാകുന്നത്.

പദവി സംവിധാനവും ഭാഷാവിഭവസംവിധാനവും പ്രത്യേകം പ്രത്യേകമായി പരിഗണിക്കണമെന്ന Kloss (1969) ന്റെ വാദത്തിന് ശേഷം 1983ൽ ഹൌഗൻ തന്റെ ഭാഷാസൂത്രണമാതൃക പരിഷ്കരിച്ചു. അത് ഇനി പറയും വിധമാണ്.

| | രൂപപരം (നയാസൂത്രണം) | ധർമപരം (ഭാഷാപോഷണം) |
|---|---|---|
| സമൂഹം (പദവി ആസൂത്രണം) | i. ഏത് ഭാഷ വേണമെന്ന തീരുമാനമെടുക്കുവാനുള്ള നടപടിക്രമം<br>a. പ്രശ്നങ്ങൾ തിരിച്ചറിയൽ<br>b. നിയമങ്ങൾ നിശ്ചയിക്കൽ | ii. നടപ്പിൽ വരുത്തൽ (വ്യാപനം)<br>a. പിഴവുതിരുത്തൽ<br>b. വിലയിരുത്തൽ |
| ഭാഷ (ഭാഷാ വിഭവസംവിധാനം) | iii. നിയമക്രമീകരണം<br>a. ലിപിവ്യവസ്ഥാപനം<br>b. വ്യാകരണവ്യവസ്ഥാപനം<br>c. കോശിമാസൂത്രണം | iv. വിപുലപ്പെടുത്തൽ (പ്രയോഗമേഖല വ്യാപിപ്പിക്കൽ)<br>a. സാങ്കേതികപദങ്ങൾ നവീകരിക്കൽ<br>b. ശൈലീപരിഷ്കരണം |

## ഫെർഗ്യൂസൻ മാതൃക

ഫെർഗ്യൂസനും ജ്യോതീന്ദ്രദാസ് ഗുപ്തയും (1968) ചേർന്ന് നടത്തിയ പഠനത്തിനുമുമ്പ് ഭാഷാസൂത്രണത്തിൽ സമൂഹശാസ്ത്രസിദ്ധാന്തങ്ങളുടെ പ്രസക്തി വേണ്ടത്ര അന്വേഷണവിധേയമാക്കിയിരുന്നില്ല. ഭാഷാപരിണാമം സാമൂഹികപരിണാമത്തിന്റെ ഭാഗമാണെന്ന ശക്തമായ നിലപാടിലാണ് ഫെർഗ്യൂസൻ ഊന്നിയത്. ലിപിവ്യവസ്ഥാപനവും മാനകീകരണവും അധുനികീകരണവും ഉൾക്കൊള്ളുന്നതായിരുന്നു അദ്ദേഹത്തിന്റെ ത്രിഭാഗ മാതൃക. ചുരുക്കത്തിൽ ഫെർഗ്യൂസൻ അവതരിപ്പിച്ച ത്രിഭാഗമാതൃക (tripartite model) ഭാഷാസൂത്രണരംഗത്ത് ഏറെ ശ്രദ്ധ നേടി.

## നയസമീപനവും (Policy approach) പരിപോഷണസമീപനവും (cultivation approach)

ഭാഷാസൂത്രണപഠനരംഗത്ത് ഫെർഗ്യൂസൻ തുടങ്ങി വെച്ച അന്തർവൈജ്ഞാനികസമീപനത്തിന് ആക്കം വർധിച്ചത് എഴുപതുകളിലാണ്. ന്യൂസ്റ്റപ്നിയുടെ സമീപനം ആ ദിശയിൽ പ്രധാനമാണ്. നയസമീപനവും (Policy approach) പരിപോഷണസമീപനവും (cultivation approach) ഉൾക്കൊള്ളുന്ന ദ്വിതലസമീപനമാണ് അദ്ദേഹം മുന്നോട്ട് വെച്ചത്. ദേശീയഭാഷയുടെ തെരഞ്ഞെടുപ്പ്, മാനകീകരണരീതികൾ, സാക്ഷരത, ലിപിവിന്യാസം തുടങ്ങിയവയുമായി ബന്ധപ്പെട്ട തീരുമാനങ്ങളാണ് നയസമീപനം ഉൾക്കൊള്ളുന്നത്. സവിശേഷഭാഷാവ്യവഹാരങ്ങളുമായി ബന്ധപ്പെട്ട ഭാഷാപയോഗങ്ങളിലെ കൃത്യത, കാര്യക്ഷമത, ശൈലീപ്രശ്നങ്ങൾ മുതലായവയെ അഭിമുഖീകരിക്കുന്ന സമീപനമാണ് പരിപോഷണ സമീപനം.

ഭാഷാപ്രശ്നങ്ങളിലെ സാർവലൗകികങ്ങൾ കണ്ടെത്താൻ ശ്രമിച്ച Neustupny മാനകഭാഷാവികസനത്തിലെ പ്രശ്നങ്ങൾ, ലിപി, സാക്ഷരത, സാങ്കേതികപദാവലി, ദ്വിതീയ-വൈദേശിക ഭാഷാസമാർജനത്തിലെ പ്രശ്നങ്ങൾ, ഭാഷാബോധനവും പഠനവും, ബഹുഭാഷാചുറ്റുപാടുകളിൽ വംശീയ ഭാഷകളുടെ സ്ഥാനം, ഭാഷയ്ക്കുള്ളിലെ സാമൂഹികവേർതിരിവുകൾ, വിവിധ തൊഴിൽ രംഗങ്ങളിലെ ഭാഷ, സമ്പർക്കഭാഷാസാഹചര്യത്തിലെ ഭാഷ തുടങ്ങി ഒട്ടേറെ മേഖലകളിലെ ഭാഷാസൂത്രണപ്രശ്നങ്ങളെ സാർവഭാഷികചട്ടക്കൂടിനകത്തുനിന്ന് സമൂഹശാസ്ത്രവീക്ഷണത്തോടെ അവതരിപ്പിച്ചു.

## വിലയിരുത്തൽ സിദ്ധാന്തം

വിലയിരുത്തലിന് (evaluation) ഭാഷാസൂത്രണസിദ്ധാന്തങ്ങളിലും പ്രയോഗത്തിലും ഉയർന്ന സ്ഥാനമാണ് റൂബിൻ (1971) നൽകുന്നത്. വസ്തുത തേടൽ, ആസൂത്രണം ചെയ്യൽ, നടപ്പിൽ വരുത്തൽ, പ്രതികരണമാരായൽ എന്നിവയാണ് ഭാഷാസൂത്രണത്തിന്റെ നാല് തലങ്ങളായി അദ്ദേഹം അവതരിപ്പിക്കുന്നത്.വേണ്ടി വന്നാൽ നയങ്ങളിൽ മാറ്റം വരുത്തുവാനും ലക്ഷ്യങ്ങൾ

പുനഃക്രമീകരിക്കാനും ആസൂത്രണഘട്ടത്തിൽ പ്രവചിച്ച ഫലവും യഥാർത്ഥ
ഫലവും തമ്മിലുള്ള പൊരുത്തവും പൊരുത്തക്കേടും വിലയിരുത്തുന്നതിലൂടെ
സാധിക്കുമെന്ന് റൂബിൻ ചൂണ്ടിക്കാട്ടി. റൂബിൻ അവതരിപ്പിച്ച സിദ്ധാന്ത
ത്തോടെ കാലവിളംബമില്ലാതെ നടത്തുന്ന വിലയിരുത്തൽ ഘട്ടമില്ലാതെ
ഭാഷാനയങ്ങൾപൂർണമാവില്ലെന്ന്അന്താരാഷ്ട്രതലത്തിൽഅംഗീകരിക്കപ്പെട്ടു.

## ഭാഷാമാനേജ്മെന്റ്

1986 മെയിൽ ഒട്ടാവയിൽ നടന്ന അന്താരാഷ്ട്ര ഭാഷാസൂത്രണസമ്മേളന
ത്തിൽ ജേനുദ്ദും (Jernudd) ന്യൂസ്റ്റപ്പ്നിയും (Neustupny) ചേർന്ന് അവതരിപ്പിച്ച
"ഭാഷാസൂത്രണം ആർക്കുവേണ്ടി" എന്ന പ്രബന്ധം ഭാഷാസൂത്രണസിദ്ധാ
ന്തങ്ങളുടെ ഗതിതിരിക്കുന്നതിൽ നിർണായകമായി. ഈ പ്രബന്ധത്തിലൂടെ
ഭാഷാമാനേജ്മെന്റ് എന്ന സങ്കൽപം ഭാഷാസൂത്രണരംഗത്ത് സമ്മതി നേടി.
അതുവരെയുണ്ടായിരുന്ന ഭാഷാസൂത്രണസിദ്ധാന്തങ്ങൾ സൂക്ഷ്മതല (micro level)
പ്രധാനമായിരുന്നുവെന്നും ഭാഷാപ്രശ്നങ്ങളുടെ നിർദ്ധാരണത്തിന് സ്ഥൂലത
ല(macro) ആസൂത്രണം ഒഴിച്ചുകൂടാനാവാത്തതാണെന്നും അവർ വാദിച്ചു.

ഭാഷോപയോഗത്തിലെ രണ്ടു തലങ്ങൾ ചൂണ്ടിക്കാട്ടിയാണ് ഭാഷാമാനേ
ജ്മെന്റ് എന്ന സങ്കല്പം അവർ ഉറപ്പിക്കുന്നത്. 1. ഭാഷാവ്യവഹാരങ്ങളുടെ ഉൽപാ
ദനവും സ്വീകരണവും 2. ഭാഷാവ്യവഹാരങ്ങളുടെ ഉൽപാദനവും സ്വീകരണവും
ലക്ഷ്യംവെക്കുന്ന പ്രവർത്തനങ്ങളും. ഭാഷാതീതമായ രണ്ടാമത്തെ പ്രക്രിയയാ
ണ് ഭാഷാമാനേജ്മെന്റ്.

സ്ഥൂലതലപ്രധാനമാണെങ്കിലും സൂക്ഷ്മതലത്തിലും ഭാഷാമാനേജ്
മെന്റ് ആവാം. ദൈനംദിനജീവിതത്തിലെ ഭാഷാപ്രയോഗ പരിസ്ഥിതിക്കനു
സരിച്ച് ഭാഷകൻ തന്റെ ഭാഷണരീതിയെ സ്വയം ക്രമപ്പെടുത്തുന്നതും ഭാഷാമാ
നേജ്മെന്റ് തന്നെയാണ്. വ്യക്തിതലത്തിൽ നടത്തുന്ന ഈ പ്രവർത്തനത്തെ
ലളിതമായ മാനേജ്മെന്റ് അഥവാ വ്യവഹാരാധിഷ്ഠിത മാനേജ്മെന്റ് എന്നാണ്
ന്യൂസ്റ്റപ്പ്നി വിശേഷിപ്പിക്കുന്നത്.

സാമൂഹികജീവിതത്തിന്റെ സങ്കീർണതകൾ ഉൾക്കൊണ്ട് കൂടുതൽ വ്യവ
സ്ഥാപിതമായ രീതിയിൽ പല തലങ്ങളിലൂടെ നടത്തുന്ന ഭാഷാസൂത്രണശ്രമ
ങ്ങളെ വിശേഷിപ്പിക്കുന്നതിന് സംഘടിതഭാഷാ മാനേജ്മെന്റ് എന്ന പദമാണ്
ഉപയോഗിച്ചത്. മേൽപറഞ്ഞ രണ്ടുതരം മാനേജ്മെന്റും അധികാരഘടകങ്ങളെ
ആശ്രയിച്ചിരിക്കുന്നു. ഭാഷാമാനേജ്മെന്റ് സാധ്യമാക്കാനുള്ള നാലുഘട്ടങ്ങൾ
ഈ സിദ്ധാന്തം മുന്നോട്ടുവെയ്ക്കുന്നു.

ഭാഷാപ്രശ്നം തിരിച്ചറിയൽ, ഭാഷാപ്രശ്നം വിലയിരുത്തൽ, ശരിപ്പെടു
ത്തുവാനുള്ള ആസൂത്രണം നടത്തൽ, അത് നടപ്പിലാക്കൽ എന്നിവയാണ്
നാല് ഘട്ടങ്ങൾ. പിന്നീട് സ്പോൾസ്കി (2004) ഈ സിദ്ധാന്തത്തെ കൂടുതൽ വിക
സിപ്പിക്കുകയുണ്ടായി. ഭാഷയുടെ നടപ്പുരീതി, ഭാഷാദർശം, ഭാഷാപരിവർത്തനശ്രമ
ങ്ങൾ എന്നീ മൂന്ന് ഘടകങ്ങളിൽ കൂടിയൂന്നിയാണ് സ്പോൾസ്കി ഭാഷാമാനേജ്മെന്റ്
എന്ന സങ്കൽപത്തിന് അടിവരയിട്ടത്.

## ഭാഷാസൂത്രണമേഖലകൾ

സാധാരണഗതിയിൽ സർക്കാർ തലത്തിലാണ് ഭാഷാസൂത്രണം നടക്കാറുള്ളത്. ആധുനികസാഹചര്യങ്ങളിൽ സന്നദ്ധസംഘടനകളും ഭാഷാസൂത്രണത്തിൽ തങ്ങളുടേതായ പങ്ക് നിർവഹിച്ചുപോരുന്നു. ആശയവിനിമയം സുഗമവും സുസാധ്യവുമാക്കിത്തീർക്കലാണ് ഭാഷാസൂത്രണത്തിന്റെ വിശാലമായ ലക്ഷ്യം. എന്നാൽ സൂക്ഷ്മതലത്തിൽ ഭാഷാസൂത്രണലക്ഷ്യങ്ങൾ ദേശത്തിനും രാഷ്ട്രത്തിനും സംഘടനകൾക്കും ഭാഷകസമൂഹത്തിനുമനുസരിച്ച് വ്യത്യസ്തമായിരിക്കും. ഈ വീക്ഷണവൈവിധ്യം ഭാഷാസൂത്രണചർച്ചയിലുടനീളം പ്രകടമാണ്. എങ്കിലും വിശാലാർഥത്തിൽ ഒരു ഭാഷകസമൂഹത്തിന്റെ ഭാഷാവ്യവഹാരങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിച്ച് നടത്തുന്ന ബോധപൂർവമായ എല്ലാ ശ്രമങ്ങളേയും ഭാഷാസൂത്രണമെന്ന് പറയാം. പ്രകടവും ദിശീയവും ഉദ്ദിഷ്ടവുമായ ഭാഷാമാറ്റങ്ങൾ കൊണ്ടുവരാനും ഭാഷാപ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനുമുള്ള ശ്രമങ്ങളാണ് ഭാഷാസൂത്രണം.

ഒരു ഭാഷകസമൂഹത്തിന്റെയോ രാഷ്ട്രത്തിന്റെയോ സാമൂഹിക-രാഷ്ട്രീയലക്ഷ്യങ്ങളിലധിഷ്ഠിതമായ നയങ്ങളാണ് ഭാഷാസൂത്രണത്തെ നിർണയിക്കുന്നത്. ഭാഷോപയോഗത്തെ സംബന്ധിച്ച സർക്കാർ-സർക്കാരിതര ഏജൻസികളുടെ മാർഗനിർദേശങ്ങളും പ്രവർത്തനരൂപരേഖകളുമാണ് ഭാഷാനയങ്ങൾ. നിയമപരമായ തീരുമാനങ്ങളും നിയമനിർമാണവുംവഴിയാണ് ഭാഷാനയങ്ങൾ സർക്കാർ തലത്തിൽ രൂപപ്പെടുത്തുന്നത്. സാമൂഹിക-രാഷ്ട്രീയ ലക്ഷ്യങ്ങൾക്കനുസരിച്ച് ഭാഷാനയങ്ങൾ പ്രകടമോ ഗോപ്യമോ ആവാം. അതത് രാഷ്ട്രങ്ങളുടെ ആശയാദർശങ്ങളാണ് ഭാഷാനയങ്ങളുടേയും ഭാഷാസൂത്രണത്തിന്റേയും സ്വഭാവം നിർണയിക്കുന്നത്.

## ഭാഷാസൂത്രണനയങ്ങൾ

ആഗോളതലത്തിൽ പൊതുവെ രണ്ട് ദിശയിലാണ് ഭാഷാസൂത്രണനയങ്ങൾ നിലകൊള്ളുന്നത്. സ്വാംശീകരണത്തിലൂന്നുന്നവയും ഭാഷാബഹുത്വത്തിലൂന്നുന്നവയും.

സ്വാംശീകരണനയത്തിന്റെ വക്താക്കൾ ഭാഷകളുടെ നിരപ്പാക്കൽ പ്രക്രിയക്കാണ് മുൻതൂക്കം നല്കുന്നത്. പ്രാദേശിക/തദ്ദേശിയ ഭാഷകളുടെ സ്വത്വത്തെ ഇക്കൂട്ടർ അവഗണിക്കുകയും ഒരു അധീശഭാഷ അടിച്ചേല്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. തത്ഫലമായി അധീശഭാഷ തദ്ദേശീയമായ ചെറുഭാഷകളെ പതിയെ പതിയെ വിഴുങ്ങുന്നു.

ഉദാ: അമേരിക്കയിലെ ഇംഗ്ലീഷ് മാത്രവാദം.

ഭാഷാബഹുത്വം അടിസ്ഥാനമാക്കിയുള്ള നയങ്ങൾ സ്വാംശീകരണനയത്തിന്റെ എതിർചേരിയിലാണ് നിലകൊള്ളുന്നത്. ഈ നയം ഭാഷാപരവും സാംസ്കാരികവുമായ ബഹുത്വത്തെ അംഗീകരിച്ച് ചെറുഭാഷകൾക്കുപോലും

വളരാനും വികസിക്കാനുമുള്ള അവസരം പ്രദാനം ചെയ്യുന്നു. ഭാഷയുടെ സഹവർത്തിവത്വത്തെ അത് പ്രോത്സാഹിപ്പിക്കുന്നു. ഉദാ: സിംഗപ്പൂർ, സ്വിറ്റ്സർലാന്റ്, ഇന്ത്യ.

ഉദ്ഗ്രഥനമാണ് ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിലെ ഭാഷാസൂത്രണത്തിന്റെ കാതൽ. ഉദ്ഗ്രഥനനയം ഭാഷാവൈവിധ്യത്തെ അംഗീകരിക്കുകയും ഒന്നിലധികം ഔദ്യോഗികഭാഷകൾക്ക് സ്ഥാനം നൽകുകയും ചെയ്യുന്നു. ഇന്ത്യയിൽ നടപ്പിലാക്കാൻ ശ്രമിച്ച ത്രിഭാഷാപദ്ധതി ഈ നയത്തിന്റെ ഫലമാണ്. പ്രാദേശികഭാഷാവത്കരണം നയമായി സ്വീകരിച്ച നാട്ടുകളിൽ നിലവിലുള്ള ഔപചാരികഭാഷയ്ക്കൊപ്പം ഒരു പ്രാദേശികഭാഷയ്ക്കു കൂടി ഔപചാരികഭാഷാപദവി നല്കുന്നു.

## ഭാഷാസൂത്രണം – പൊതുലക്ഷ്യങ്ങൾ

നാഹിർ (2003) ഭാഷാസൂത്രണത്തിന് പതിനൊന്ന് ലക്ഷ്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

1. ഭാഷാശുദ്ധീകരണം: ഭാഷാവ്യതിയാനത്തേയും വൈദേശികസ്വാധീനത്തേയും പ്രതിരോധിച്ച് ഭാഷയുടെ തനിമയും ശുദ്ധിയും നിലനിർത്താൻ ചില ഭാഷാസൂത്രണനയങ്ങൾ ലക്ഷ്യം വെയ്ക്കുന്നു.
2. ഭാഷാപുനരുത്ഥാനം: ഭാഷാപുനരുത്ഥാനം വംശനാശഭീഷണിയുടെ വക്കിലുള്ള ഭാഷകളെ സംരക്ഷിക്കുകയും അവയിലൂടെയുള്ള ആശയവിനിമയം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. വൈദേശികാധിപത്യം കൊണ്ടോ മറ്റേതെങ്കിലും സാമൂഹികമാറ്റം കൊണ്ടോ ഭാഷാനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഭാഷയെ പുനർജീവിപ്പിക്കാൻ ശ്രമിക്കുന്നതും ഇതിന്റെ ഭാഗമാണ്. ഹീബ്രുവിന്റെയും കോർണിഷിന്റെയും പുനരുത്ഥാനം ഉദാഹരണമായി കാണാം. ആരാധനാനുഷ്ഠാനമണ്ഡലത്തിലേക്ക് ഒതുങ്ങിപ്പോയിരുന്ന ഈ രണ്ട് ഭാഷകളും ഇന്ന് വിപുലമായ സംവേദനമാധ്യമമായി വികസിച്ചിരിക്കുന്നു. ഹീബ്രുവിന്റെയും കോർണിഷിന്റെയും പുനരുത്ഥാനത്തിന് യഥാക്രമം ഭാഷാസ്നേഹികളായ ബെൻ യെഹൂദയോടും ഹെൻറിജനറോടും കടപ്പെട്ടിരിക്കുന്നു.
3. ഭാഷാപരിഷ്കരണം: ഭാഷയുടെ ചില സവിശേഷഘടകങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്താൻ ശ്രമിക്കുക (ലിപി, അച്ചടി, വ്യാകരണം, സ്പെല്ലിംഗ്)
4. ഭാഷാമാനകീകരണം: അനൗപചാരിക സന്ദർഭങ്ങളിൽ അകൃത്രിമമായി വെളിപ്പെടുന്ന പ്രാദേശികവും സാമുദായികവുമായ ഭാഷാഭേദരൂപങ്ങൾ സർഗാത്മകകൃതികളിലും സിനിമപോലുള്ള കലാരൂപങ്ങളിലും മറ്റും അതേപടി നിലനിറുത്താറുണ്ട്. എന്നാൽ വിവിധ

ഭാഷാഭേദങ്ങൾ ഉൾക്കൊള്ളുന്ന ഭാഷകർ കൂടിച്ചേരുന്ന ഔപചാരിക സന്ദർഭങ്ങളിൽ പൊതുവിനിമയത്തിനുതകും വിധം ഭാഷയെ തട്ടിനിരത്താതെ തരമില്ല. പ്രകൃത്യാലുള്ള നാനാത്വത്തെ തമസ്കരിക്കാതെ തന്നെ ഏവർക്കും സ്വീകാര്യമാകും വിധം അനായാസമായ സംവേദനത്തിന് ഭാഷയെ പരുവപ്പെടുത്താനാണ് മാനകീകരണം ലക്ഷ്യം വെക്കുന്നത്.

5. ഭാഷാവ്യാപനം: ഒരു ഭാഷയിലെ ഭാഷകരുടെ എണ്ണം വർധിപ്പിക്കുക. ഇത് പലപ്പോഴും മറ്റ് ഭാഷകളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തിക്കൊണ്ടാവാം.

6. പദകോശത്തിന്റെ ആധുനീകരണം: പുതിയ സാങ്കേതികവിദ്യയ്ക്കനുസരിച്ച് ഭാഷയുടെ പദകോശം വിപുലപ്പെടുത്തുക. പുതിയ സാങ്കേതികപദങ്ങൾ സൃഷ്ടിക്കുക.

7. സാങ്കേതികപദങ്ങളുടെ ഏകീകരണം: സാങ്കേതികമേഖലയിലെ പദാവലികളുടെ ഏകീകരണം.

8. ശൈലികളുടെ ലളിതവത്ക്കരണം: പദതലത്തിലും വ്യാകരണത്തിലും ശൈലീതലത്തിലുമുള്ള സങ്കീർണതകൾ ലഘൂകരിക്കുക.

9. ഭാഷാന്തരവിനിമയം: വ്യത്യസ്തഭാഷണസമൂഹങ്ങൾ തമ്മിലുള്ള ആശയവിനിമയം പ്രോത്സാഹിപ്പിക്കുക.

10. ഭാഷാസംരക്ഷണം: ഭാഷയുടെ നിലനിൽപ്പ് ഭീഷണിയിലാകുന്ന സാഹചര്യത്തിൽ ഒന്നാം ഭാഷയായോ രണ്ടാം ഭാഷയായോ ഭാഷയെ സംരക്ഷിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുക.

11. അനുബന്ധഭാഷകളുടെ മാനകീകരണം: പ്രാന്തവൽകൃതരുടേയും ശാരീരികവെല്ലുവിളികൾ നേരിടുന്നവരുടേയും ഭാഷകൾ മാനകീകരിക്കുക. കൂടാതെ ലിപ്യന്തരണം, ലിപ്യങ്കനം എന്നിവയുടെ നിയമങ്ങൾ പരിഷ്കരിക്കുക.

## ഭാഷാസൂത്രണതലങ്ങൾ

പ്രധാനമായും മൂന്ന് തലത്തിലാണ് ഭാഷാസൂത്രണം നടക്കുന്നത്.

**1) പദവി സംവിധാനം**

വിവിധ സാമൂഹികമണ്ഡലങ്ങളിൽ ഭാഷ നിർവഹിക്കുന്ന ധർമമനുസരിച്ച് ഭാഷയ്ക്ക് ഔദ്യോഗികഭാഷ, ദേശീയഭാഷ, ക്ലാസിക് ഭാഷ, നിയമഭാഷ തുടങ്ങിയ ഉചിതമായ പദവി നല്കുന്നതിലാണ് പദവി സംവിധാനം ഊന്നൽ നല്കുന്നത്. മറ്റ് ഭാഷകൾക്കിടയിൽ ഒരു ഭാഷയുടെ സ്ഥാനമെന്തെന്ന് നിർണയിക്കലാണ് ഇതിലൂടെ ചെയ്യുന്നത്. ഹെയ്ൻക്ലോസ്സ് ഭാഷയുടെ പദവി നിർണയത്തിന് ആസ്പദമായ നാല് ഘടകങ്ങൾ ചൂണ്ടിക്കാട്ടുന്നു.

1. ഭാഷോല്പ്പത്തി: തദ്ദേശിയമാണോ വൈദേശികമാണോ എന്നതാണ് ഇവിടെ പദവിനിർണയത്തിന് അടിസ്ഥാനമാക്കുന്നത്.

2. മാനകീകരണത്തോത്: ഭാഷയുടെ വികസിതാവസ്ഥയും ഭാഷാനിയമങ്ങളുടെ കൃത്യതയും സ്ഥാനനിർണയത്തിന് പരിഗണിക്കുന്ന ഘടകങ്ങളാണ്.

3. നിയമപരമായ പദവി: ഏക ഔപചാരികഭാഷ, സഹ ഔപചാരിക ഭാഷ, പ്രാദേശിക ഔപചാരികഭാഷ, പ്രോത്സാഹിപ്പിക്കപ്പെടേണ്ട ഭാഷ, പരിഗണനീയ ഭാഷ, അവഗണനീയ ഭാഷ എന്നിങ്ങനെയുള്ള നിയമപരമായ നിർവചനം

4. ഉപയോഗതോത്: ഉപയോഗതോതനുസരിച്ച് ഭാഷകളെ ആറ് വിഭാഗമാക്കാമെന്ന് പറയുന്നു. 90% മുകളിൽ ഭാഷകരുള്ളത്, 70-90%, 40-69%, 20-39%, 3-19%, 3% ൽ താഴെ.

ഇവയ്ക്ക് പുറമെ പദവി നിർണയത്തിന് പരിഗണിക്കേണ്ട പത്ത് പ്രയോഗമേഖലകൾ വില്യം സ്റ്റിവാർട്ട് ചൂണ്ടിക്കാണിക്കുന്നു.

- ഔപചാരികതലം: രാഷ്ട്രീയവും സാംസ്കാരികവുമായി ഒരു ജനതയെ മുഴുവൻ പ്രതിനിധീകരിക്കത്തക്കവണ്ണം എല്ലാ ഔപചാരിക സന്ദർഭങ്ങളിലും ഉപയോഗിക്കാൻ ഉചിതമാണോ എന്നത് പദവി നിർണയത്തിൽ പ്രധാനമാണ്.
- പ്രാദേശികതലം: രാഷ്ട്രീയത്തിനകത്തെ ചെറുമേഖലയേയോ സാംസ്കാരികമേഖലയോ പ്രതിനിധാനം ചെയ്യുന്ന ഭാഷകൾ പ്രാദേശിക ഭാഷാപദവിയ്ക്ക് പരിഗണിക്കും.
- വിപുലമായ ആശയവിനിമയം: പ്രാദേശികമായ അതിർത്തികൾ ഭേദിച്ച് ഒരു രാഷ്ട്രത്തിന്റെ മൊത്തം ആശയവിനിമയഭാഷ എന്ന തലത്തിലേക്ക് ഉയരുന്ന ഭാഷകൾ രാഷ്ട്രഭാഷാപദവിയ്ക്ക് പരിഗണിക്കപ്പെടുന്നു.
- അന്താരാഷ്ട്രതലം: അന്താരാഷ്ട്രതലത്തിലെ ആശയവിനിമയത്തിന് ഉപയോഗിക്കുന്ന ഭാഷ.
- തലസ്ഥാനഭാഷ: തലസ്ഥാനനഗരിയെ ചുറ്റിപ്പറ്റി വികസിക്കുന്ന ഭാഷ.
- സംഘഭാഷ: ചില പ്രത്യേക സംഘങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഭാഷ. ഉദാ: ജൂതന്മാരുടെ ഹീബ്രു
- വിദ്യാഭ്യാസ മാധ്യമം: പഠനമാധ്യമമെന്നനിലയിൽ പ്രോത്സാഹിപ്പിക്കപ്പെടുന്ന ഭാഷ.
- പാഠ്യവിഷയമെന്ന നിലയ്ക്കുള്ള ഭാഷ: പ്രത്യേകവിഷയമെന്ന നിലയ്ക്ക് പഠിപ്പിക്കുന്ന ഭാഷ

- സാഹിത്യ/പണ്ഡിതഭാഷ
- മതാചാരാനുഷ്ഠാനസന്ദർഭത്തിലുപയോഗിക്കുന്ന ഭാഷ

## ഭാഷാവിഭവസംവിധാനം

ഭാഷാഘടനയിലും രൂപത്തിലും മാറ്റം വരുത്താൻ ഉദ്ദേശിച്ചുള്ള ആസൂത്രണമാണ് ഭാഷാവിഭവസംവിധാനം. വൈവിധ്യമായ ധർമങ്ങൾ നിർവഹിക്കാൻ ഒരു ഭാഷയുടെ വിഭവങ്ങൾ പുഷ്ടിപ്പെടുത്തുക എന്നതാണ് ഈ ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. പദവിസംവിധാനത്തിന്റെ ചുക്കാൻപിടിക്കുന്നത് ഭരണകർത്താക്കളും രാഷ്ട്രീയക്കാരുമാണെങ്കിൽ ഭാഷാവിഭവസംവിധാനത്തിന് നേതൃത്വം നൽകുന്നത് ഭാഷാവിദഗ്ധരാണ്.

ഭാഷാവിഭവസംവിധാനരംഗത്ത് ഏറെക്കുറെ അംഗീകരിക്കപ്പെട്ട രണ്ട് ആശയങ്ങളാണ് ഭാഷാവിനിമയവും ഭാഷാവികസനവും. ഏത് ഭാഷയിലും സ്വാഭാവികമായിത്തന്നെ പലതരം രൂപഭേദങ്ങൾ പ്രചരിക്കും. അവയെ സൂക്ഷ്മമായി വിശകലനം ചെയ്തശേഷം സ്വീകാര്യമായത് കണ്ടെത്തുകയും അവയുടെ പ്രചാരം വർദ്ധിക്കാനുതകുന്ന തന്ത്രങ്ങൾ ഭാഷണസമുദായത്തിലെ അംഗങ്ങൾക്ക് ഒരു പ്രകാരത്തിലും അരോചകമാകാത്തവിധത്തിൽ ആവിഷ്കരിച്ച് പ്രാവർത്തികമാക്കുകയും ചെയ്യുന്നതിനെ ആസ്പദമാക്കിയാണ് ഭാഷാവികസനത്തിന്റെ വിജയം. പരമ്പരാഗതമായി ഭാഷാവിഭവസംവിധാനം പ്രധാനമായി മൂന്നുതലത്തിലാണ് നടക്കുന്നത്. മാനകീകരണം, ലിപിവ്യവസ്ഥാപനം, ആധുനീകരണം.

മാനകീകരണം: ഔപചാരികസന്ദർഭങ്ങളിൽ ഭാഷാവ്യതിയാനങ്ങൾ കടന്നുകൂടിയാൽ ഉണ്ടാവാനിടയുള്ള തെറ്റിദ്ധാരണകളും ആശയക്കുഴപ്പങ്ങളും ദൂരീകരിക്കാനാണ് ഭാഷാവിഭവങ്ങൾ മാനകീകരിക്കുന്നത്. പ്രതിജനഭിന്നമാവാൻ ഭാഷയ്ക്കുള്ള സ്വാഭാവികപ്രവണതകൾക്കെതിരെ നീന്തിക്കയറാൻ ബോധപൂർവം നടത്തുന്ന ഒരു പരിശ്രമമാണ് മാനകീകരണമെന്ന് വി. ആർ. പ്രബോധചന്ദ്രൻ നായർ (2012) അഭിപ്രായപ്പെടുന്നു. വിവിധ ഭാഷാഭേദങ്ങളുടെ പ്രത്യേകതകളിൽ നിന്നുയർന്നു നിന്ന് ഭാഷണസമുദായാംഗങ്ങളിൽ ഏവർക്കും സമ്മതമാവാനിടയുള്ള രൂപങ്ങൾ കണ്ടെത്തി പാഠപുസ്തകങ്ങളിലും മാധ്യമങ്ങളിലും സർക്കാരാഭിമുഖ്യത്തിലുള്ള പ്രസിദ്ധീകരണങ്ങളിലും മറ്റും പ്രയോഗിക്കാൻ പാകത്തിൽ ചിട്ടപ്പെടുത്തുക എന്നത് മാനകീകരണത്തിൽ പ്രധാനമാണ്.

ലിപിവ്യവസ്ഥാപനം: സ്വന്തമായ ലിപിവ്യവസ്ഥയില്ലാത്ത ഭാഷയ്ക്ക് ഏറ്റവും സമുചിതമായ ഒരു ലിപിവ്യവസ്ഥ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയെടുക്കുക, ഭാഷയ്ക്ക് വല്ല ലിപിവ്യവസ്ഥയുമുണ്ടെങ്കിൽ അതിനുള്ള പരിമിതികൾ സൂക്ഷ്മമായി പരിശോധിച്ചറിഞ്ഞ് പരിഹരിക്കുക. സ്പെല്ലിങ്ങ് വ്യവസ്ഥയ്ക്ക് പ്രസക്തിയുണ്ടെങ്കിൽ അക്കാര്യം ശരിയാക്കുക, സവിശേഷ

രൂപങ്ങളുള്ള അക്ഷരങ്ങളുടെ എണ്ണവും ക്രമവും വിന്യാസസമ്പ്രദായങ്ങളും ചിഹ്നനവും വ്യവസ്ഥചെയ്യുക തുടങ്ങിയവ ലിപിവ്യവസ്ഥാപനത്തിൽ പെടുന്നു.

ആധുനികീകരണം: ആശയവിനിമയത്തിന്റെ മാധ്യമം എന്ന നിലയിൽ വികസിതമായ അന്യഭാഷകളോടൊപ്പം നിൽക്കാൻതക്കവണ്ണം പ്രസക്തഭാഷയെ സജ്ജമാക്കുക എന്നതാണ് ആധുനികീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്. പദശേഖരവികസനമാണ് ആധുനീകരണം സാധിക്കുന്നതിനുള്ള പ്രധാനതന്ത്രം. പദസമ്പത്തിന്റെ വികസനത്തിന് ഭാഷകൾ കൈക്കൊള്ളാറുള്ള മാർഗങ്ങളിൽ പ്രധാനം കടംവാങ്ങലും പുത്തൻപദനിർമിതിയുമാണ്. തികച്ചും പരിശുദ്ധമായ സംസ്കാരമില്ലാത്തതുപോലെ അന്യഭാഷാസങ്കലനം നടന്നിട്ടില്ലാത്ത ഒരു ഭാഷയുമില്ല. സ്വന്തം സ്വന-രൂപസാമഗ്രികൾ പരമാവധി പ്രയോജനപ്പെടുത്തി പുതിയ പദങ്ങൾ സൃഷ്ടിക്കുന്നതും ആധുനികീകരണത്തിന് ആക്കം കൂട്ടും.

## ഭാഷാസമാർജനാസൂത്രണം

സാക്ഷരത, വിദ്യാഭ്യാസപുരോഗതി എന്നിവ കൈവരിക്കുന്നതിനുവേണ്ടി ഭാഷാർജ്ജന-ബോധനരീതികൾ ആസൂത്രണം ചെയ്യാറുണ്ട്.മുഖ്യമായി സർക്കാർ തലത്തിലാണ് ഭാഷാബോധനരീതികൾ ആവിഷ്കരിക്കാറുള്ളത്. സർക്കാരിതര ഏജൻസികളും ഇതിൽ പങ്കാളികളാകാറുണ്ട്. ഉദാ: സാക്ഷരതായജ്ഞത്തിൽ കാൻഫെഡ് പോലുള്ള സംഘടനകൾ.

ഇന്ത്യയിൽ സംസ്ഥാനതലത്തിൽ എൻ.സി.ഇ.ആർ.ടി.യും കേന്ദ്രതലത്തിൽ എൻ.സി.ഇ.ആർ.ടി.യുമാണ് പഠനബോധനരീതികളും സമീപനങ്ങളും ആസൂത്രണം ചെയ്യുന്നത്. പദവിസംവിധാനത്തോടും ഭാഷാവിഭവാസൂത്രണത്തോടും ചേർന്നാണ് ഭാഷാസമാർജനനമാർഗങ്ങൾ ആസൂത്രണം ചെയ്യാറുള്ളത്. പാഠപുസ്തകപരിഷ്കരണം, ദ്വിഭാഷാ ബോധനം എന്നിവ ഇതിലുൾപ്പെടുന്നു. ശുദ്ധഭാഷാസങ്കല്പം ഊട്ടിയുറപ്പിക്കാനും ഭാഷാസമാർജനാസൂത്രണം ഉപയോഗിച്ചുവരുന്നു. റോബോർട്ട് ബി കപ്ലനും റിച്ചാർഡ് ബിയും ഭാഷാസമാർജനാസൂത്രണത്തിന് താഴെപ്പറയുന്ന ലക്ഷ്യങ്ങളുണ്ടെന്ന് ചൂണ്ടിക്കാട്ടുന്നു.

- പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ഭാഷകൾ തീരുമാനിക്കുക
- അധ്യാപകപരിശീലനത്തിന്റെ രീതിയും തോതും തീരുമാനിക്കുക
- പഠന-ബോധനപ്രക്രിയകളിൽ പ്രാദേശികസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുക.
- പഠനസഹായികൾ സംവിധാനം ചെയ്യുക
- വിവിധതലങ്ങളിൽ വിലയിരുത്തൽ സംവിധാനം ഏർപ്പെടുത്തുക

## ഉപസംഹാരം

ഭാഷാസൂത്രണത്തിന്റെ പ്രധാനമേഖലകളും അവയെക്കുറിച്ചുള്ള പ്രധാന സൈദ്ധാന്തികനിരീക്ഷണങ്ങളുമാണ് ഈ പ്രബന്ധത്തിൽ അവതരിപ്പിക്കാൻ ശ്രമിച്ചത്. സ്പോൾസ്കി (2004) ചൂണ്ടിക്കാട്ടിയതുപോലെ ഭാഷാനയം എന്ന മേഖലയിലെ മൂന്ന് പ്രധാന ഘടകങ്ങളിലൊന്നാണ് ഭാഷാസൂത്രണം. ഭാഷാദർശവും ഭാഷാവഴക്കവുമാണ് മറ്റുള്ളവ. ഏറെക്കാലം ഭാഷാകേന്ദ്രീകൃതമായിരുന്ന ഭാഷാസൂത്രണഗവേഷണമേഖലയിൽ സമൂഹകേന്ദ്രീകൃത പഠനങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൈവന്നിരിക്കുന്നു. ഭാഷാവിഭവസംവിധാനവുമായി ബന്ധപ്പെട്ട സൂക്ഷ്മതലപഠനങ്ങളോടൊപ്പം തന്നെ ഭാഷണസമൂഹങ്ങളുടെ മനോഭാവം, ആവശ്യങ്ങൾ, അഭിലാഷങ്ങൾ തുടങ്ങിയവകൂടി പരിഗണിക്കുന്ന ഗവേഷണങ്ങളും അതനുസരിച്ചുള്ള നയങ്ങളും ആഗോളതലത്തിൽ വ്യാപകമായി മാറിയിട്ടുണ്ട്. ഭാഷാസൂത്രണരംഗത്ത് സർക്കാരിതര ഏജൻസികൾക്കും ചിന്തകർക്കും കൂടുതൽ പങ്കാളിത്തം ലഭിക്കുന്നുണ്ട്. ആസൂത്രണം എന്ന നില വിട്ട് കൈകാര്യകർതൃത്വം (management), ഇടപെടൽ (intervention) എന്നീ തലത്തിലേക്ക് ഈ രംഗം വികസിച്ചിരിക്കുന്നു. അധികാരം, രാഷ്ട്രീയം, ജനസംഖ്യാനുപാതം, മതം, വിശ്വാസം, സംസ്കാരികവൈവിധ്യം, നടപ്പുശീലങ്ങൾ തുടങ്ങിയ ഭാഷേതരഘടകങ്ങൾ പരിഗണിക്കാതെയുള്ള ഇടപെടലുകൾ ഫലപ്രദമാവില്ല. ഈ ഘടകങ്ങളുടെ പ്രാധാന്യം മൂലം അവയെ സമഗ്രമായി പ്രതിനിധീകരിക്കുന്ന ഭാഷയുടെ ആവാസവ്യവസ്ഥ (Ecology) എന്ന സങ്കൽപനം ഭാഷാസൂത്രണരംഗത്ത് ഒഴിച്ചുകൂടാനാവാത്ത ഒന്നായി മാറിയിരിക്കുന്നു. ഈ ആവാസവ്യവസ്ഥ നേരിടുന്ന ഏത് ഭീഷണിയും ഭാഷയുടെ അതിജീവനത്തെത്തന്നെ ബാധിക്കുന്നതാണെന്ന തിരിച്ചറിവ് കൂടി സമകാലികഭാഷാനയങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്.

## ഗ്രന്ഥ-ലേഖനസൂചി

പ്രബോധചന്ദ്രൻ നായർ. വി, ആർ. 2012. ഭാഷാശാസ്ത്രനിഘണ്ടു. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

Das, Gupta J. & Ferguson, C. A. 1977. Problems of language planning. In Rubin, J. et al. (eds.), 3–7. Rubin, J.I Jernudd, B. H.I Das Gupta, J.I Fishman, J. A.I Ferguson, C. A. (eds.) (1977): Language Planning Processes. New York: Mouton Publishers

Dasgupta, P.: 1987, 'Towards a dialogue between the sociolinguistic sciences and Esperanto culture', Language Problems and Language Planning 11, 305–334.

Fishman, Joshua A. 1974. Language modernization and planning in comparison with other types of national modernization and planning.In Joshua A. Fishman (Ed.), Advances in language planning (pp. 79-102). The Hague: Mouton.

Fishman, Joshua A., Das Gupta, Jyotirindra, Jernudd, Bjorn H., and Rubin, Joan. 1971. Research outline for comparative studies of language planning. In Joan Rubin and Bjorn H. Jernudd (eds.), Can language be planned? Honolulu: The University Press of Hawaii, 293-305.

Haugen, E.: 1959, 'Planning for a standard language in Norway', Anthropological Linguistics 1(3), 8–21.

Haugen, E.: 1966, 'Linguistics and language planning', in W. Bright (ed.), Sociolinguistics, Mouton, The Hague, 50–71

Haugen, Einar. 1983. The implementation of corpus planning. In Juan Cobarrubias and Joshua A. Fishman (Eds.), Progress in language planning. The Hague: Mouton. 269-289.

Jemudd, B. H./Neustupny, J. V. 1987: Language plannning: for whom? In: L. Laforge (ed.) Proceedings of the International Colloquium on Language Planning. Quebec: Les Press de L'Universite Laval, 69-84.

Kaplan B., Robert, and Richard B. Baldauf Jr. Language Planning from Practice to Theory. Clevedon: Multilingual Matters ltd., 1997

Kloss, H.: 1969, Research Possibilities on Group Bilingualism: A Report, International Centre for Research on Bilingualism, Quebec.

Lambert, R.D. (ed.): 1994, Language Planning Around the World: Contexts and Systemic Change, National Foreign Language Center, Washington.

Nahir, Moshe .2003. "Language Planning Goals: A Classification." Sociolinguistics: The Essential Readings. Oxford: Blackwell.

Neustupny, J. V. 1984: Language planning and human rights. In: A. Gonzales, FSC (ed.) Panagani. Essays in Honor of Bonifacio P. Sibayan on his Sixty-Seventh Birthday. Manila: Linguistic Society of the Philippines, 66-74

Rubin, J.I Jernudd, B. H. (eds.) .1971. Can Language Be Planned? Honolulu: The University Press of Hawaii.

Rubin, J.l Jernudd, B. H.l Das Gupta, J.l Fishman, J. A.l Ferguson, C. A. (eds.) .1977.: Language Planning Processes. New York: Mouton Publishers

Spolsky, B. .2004. : Language Policy. Cambridge: Cambridge University Press.

Stewart, William A. 1968. "Sociolinguistic Typology of Multilingualism," in Readings in the Sociology of Language.Ed. Joshua Fishman. The Hague: Mouton Publishers.